**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർ സെക്കന്ററി വിഭാഗം, ഹൗസിങ് ബോർഡ് ബിൽഡിങ്സ്, ശാന്തിനഗർ, തിരുവനന്തപുരം**

## സർക്കുലർ

നം. എ സി ഡി. എസ് പി സി (1)/109850/2018/എച്ച് എസ് ഇ, തിയതി 24.07.2020

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ. സെ. വി -ഗണിതലാബ് പരിശീലനം - സംബന്ധിച്ച്

ഹയർ സെക്കന്ററി ഐ ടി ഗണിതലാബ് രണ്ടാം വർഷ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അധ്യാപക ശാക്തീകരണ പരിപാടി, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ, ഇപ്രാവശ്യം ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. കൈറ്റ് തയാറാക്കിയ KOOL എന്ന MOODLE പ്ലാറ്റ്ഫോം വഴിയാണ് പരിശീലനം ക്രമീകരിച്ചിട്ടുള്ളത്. ആദ്യഘട്ട പരിശീലനം 2020 ജൂൺ 26 മുതൽ ജൂലൈ 10 നടക്കുകയുണ്ടായി. ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത അധ്യാപകർക്കായി അടുത്ത ഘട്ട പരിശീലനം ആഗസ്റ്റ് 5 ന ആരംഭിക്കുകയാണ്. സർക്കാർ, എയ്ഡഡ് സ്കൂൾ അധ്യാപകർ സമഗ്രയിൽ ലോഗിൻ ചെയ്ത് Math IT Lab Training എന്ന ലിങ്കിലൂടെയും അൺഎയ്ഡഡ്, മാഹി, ലക്ഷദ്വീപ്, ഗൾഫ് മേഖലയിലെ അധ്യാപകർ http://www.adopt.scert.kerala.gov.in എന്ന ലിങ്കിലൂടെയും ജൂലൈ 31ന വൈകുന്നേരം 5 മണിക്ക് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ വർഷം ഇതുമായി ബന്ധപ്പെട്ട് ഇനി പരിശീലനം ഉണ്ടാകുന്നതല്ല. ആയതിനാൽ, ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുക്കാത്ത എല്ലാ അധ്യാപകരും ഈ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട് എന്ന് പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ (അക്കാദമിക് )
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.